# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3257 16.12.2015 -ൽ മറുപടിക്ക്

**<u>പൈതൃക കെട്ടിടങ്ങളുടെയും നിർമ്മിതികളുടെയും നവീകരണം</u>**

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ.എം.പി. വിൻസെന്റ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി.സി. വിഷ്ണുനാഥ് :

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പൈതൃക കെട്ടിടങ്ങളുടെയും നിർമ്മിതി കളുടെയും നവീകരണത്തിന് കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) | ചരിത്രപരവും പൈതൃക പ്രാധാന്യമുള്ളതും 100 വർഷത്തിൽ കുറയാതെ കാലപ്പഴക്കം ഉള്ളതുമായ കെട്ടിടങ്ങളെ 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് ഇവയ്ക്ക് ആവശ്യമായ സംരക്ഷണ ജോലികൾ ചെയ്തു പോരുന്നു. പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിന് മാത്രമായി ഒരു കർമ്മ പദ്ധതി നാളിതുവരെ ആവിഷ്കരിച്ചിട്ടില്ല. കൂടാതെ മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള പൈതൃക മന്ദിരങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകളുടെ അഭ്യർത്ഥന പ്രകാരം ആവശ്യമായ സംരക്ഷണ പണികൾ പുരാവസ്തു വകുപ്പ് ചെയ്തുപോരുന്നു. പൈതൃക മന്ദിരങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ പ്രവർത്തിച്ചു വരുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) യും (സി) യും | ഒരു ദേശത്തിന്റെ തനത് സംസ്കാരവുമായി ബന്ധപ്പെട്ട പൈതൃക ശേഷിപ്പുകൾ സംരക്ഷിക്കുകയെന്നത് ആ ദേശത്തിന്റെ തന്നെ ആവശ്യകതയാണ്. കൂടാതെ വരും തലമുറയ്ക്ക് പൂർവ്വികരെക്കുറിച്ച് അഭിമാനിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള അവസരവും പൈതൃക നിർമ്മിതികൾ സംരക്ഷിക്കുന്നത് വഴി ലഭിക്കും. പുരാവസ്തു വകുപ്പിന്റെ സംരക്ഷിതസ്മാരകമല്ലാത്ത പൈതൃക കെട്ടിടങ്ങളുടെയും, മേഖലകളുടെയും കണ്ടെത്തൽ, മറ്റ് അനുബന്ധ നടപടികൾ എന്നിവ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ മുഖാന്തിരം നടന്നു വരുന്നു. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | | |

സെക്ഷൻ ഓഫീസർ